# പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :142 15.06.2012-ൽ മറുപടിയ്ക്ക്

## ഗ്രാമസഭകളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.സി.വിഷ്ണുനാഥ്<br>ശ്രീ.എം.പി.വിൻസെന്റ്<br>ശ്രീ.വി.പി.സജീന്ദ്രൻ | ഡോ.എം.കെ.മുനീർ<br>(ബഹു:പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| (എ) ഗ്രാമസഭകളുടെപ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; | (എ) ചുവടെ ചേർത്തിട്ടുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br>1. കൃത്യമായ മുന്നൊരുക്ക പ്രവർത്തനം നടത്തുക.<br>2. ഒരേ സമയം ഒന്നിലധികം ഗ്രാമസഭകൾ കൂടാതിരിക്കുക.<br>3.അജണ്ട മുൻകൂട്ടി നിശ്ചയിക്കുക. ഇനം തിരിച്ചുള്ള അജണ്ട ലിസ്റ്റ് നോട്ടീസിൽ ഉൾപ്പെടുത്തുക.<br>4. വരവ്-ചെലവ് കണക്കുകൾ, കരട് പ്രോജക്ട്നിർദ്ദേശങ്ങൾ,മുൻഗണനാലിസ്റ്റ് തുടങ്ങിയ രേഖകൾ മുൻകൂട്ടി അച്ചടിച്ച് യോഗത്തിൽ വിതരണം ചെയ്യുന്നതാണ്.<br>5. ഗ്രാമസഭാ യോഗങ്ങളിൽ പ്രസിഡന്റ് സെക്രട്ടറി, മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ ഭരണസമിതി അംഗങ്ങൾ എന്നിവരുടെ പങ്കാളിത്തം നിർബന്ധമായും ഉറപ്പാക്കുന്നതാണ്.<br>6.ഗ്രാമസഭകൾക്ക് സംഘാടക സമിതി രൂപീകരിച്ച് കാമ്പയിൻ മാതൃകയിൽ ഗ്രാമസഭ സംഘടിപ്പിക്കുന്നതാണ്.<br>7. അയൽക്കൂട്ട പ്രവർത്തകർ, സ്വയം സഹായ സംഘങ്ങൾ, കുടുംബശ്രീ പ്രവർത്തകർ, സന്നദ്ധ സാമൂഹിക സംഘടനകളിലെ അംഗങ്ങൾ എന്നിവരെ പ്രചാരണ സംഘടന ചുമതല ഏൽപ്പിക്കുക അംഗൻവാടി ജീവനക്കാർ, എസ്.സി/എസ്.ടി പ്രൊമോട്ടർമാർ എന്നിവർക്കും സംഘടനാ ചുമതല നൽകുക<br>8. ഗ്രാമസഭാ നോട്ടീസ് എല്ലാ കുടുംബങ്ങൾക്കും നൽകിയെന്ന് ഉറപ്പുവരുത്തുക. |

9. ഒരു സാമ്പത്തിക വർഷത്തെ ആദ്യ ഗ്രാമസഭയിൽ മുൻവർഷത്തെ എല്ലാ വികസനക്ഷേമ പ്രവർത്തനങ്ങളും അച്ചടിച്ച് നൽകി ചർച്ചയ്ക്ക് വിധേയമാക്കുക.

10. സോഷ്യൽ ഓഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുക.

11. ഗ്രൂപ്പ് ചർച്ചകൾക്ക് നേതൃത്വം നൽകുവാൻ വർക്കിംഗ് ഗ്രൂപ്പ് ചെയർമാനേയും കൺവീനറേയും സഹായിക്കുന്നതിന് ഫെസിലിറ്റേറ്റർമാരെ നിയോഗിക്കുകയും അവർക്ക് ചുമതലകൾ നിശ്ചയിച്ച് നൽകുകയും ചെയ്യുക.

12. ഗ്രാമസഭാ തീരുമാനങ്ങൾ രേഖപ്പെടുത്തുന്നതിന് കോ-ഓർഡിനേറ്ററായി ഒരു ഉദ്യോഗസ്ഥനെ മുൻകൂട്ടി നിശ്ചയിക്കുക.

ഇതോടൊപ്പം തന്നെ ഗ്രാമസഭകളെ ശക്തിപ്പെടുത്തുന്നതിനായി കിലയുടെ ആഭിമുഖ്യത്തിൽ കർമ്മ പദ്ധതികളും ആവിഷ്ക്കരിക്കുന്നുണ്ട്.

(ബി) നിയമപരമായി ചേരേണ്ട ഗ്രാമസഭകളുടെ എണ്ണത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്താനുദ്ദേശിക്കുന്നത്;

(സി) അടിയന്തിര സാഹചര്യത്തിലും പ്രത്യേക വിഷയങ്ങൾക്കായും വിശേഷാൽ ഗ്രാമസഭകൾ ചേരുന്നതിനുള്ള നടപടി ക്രമങ്ങളെക്കുറിച്ച് ആലോചിക്കുമോ?

(ബി & സി) ഇപ്പോൾ വർഷത്തിൽ 4 സ്റ്റാറ്റ്യൂട്ടറി ഗ്രാമസഭകൾ ചേരുന്നത് മൂന്ന് ആക്കി (4മാസത്തിലൊരിക്കൽ)ചുരുക്കുന്നതിനും, കൂടാതെ ശുചിത്വം, പരിസ്ഥിതി സംരക്ഷണം, പോഷകാഹാരം, കുത്തിവയ്പ്പ്, തൊഴിലുറപ്പ് പദ്ധതി, സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ, തുടങ്ങിയ പൊതു താല്പര്യമുള്ള വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് ഒരു വിശേഷാൽ ഗ്രാമസഭാ യോഗം ചേരാനും ആവശ്യമായ വ്യവസ്ഥകൾ ചേർത്ത് കേരള പഞ്ചായത്ത്രാജ് ആക്ട് 3-ാം വകുപ്പ് ഭേദഗതി ചെയ്യുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. അടിയന്തിര സാഹചര്യത്തിലും പ്രത്യേക വിഷയങ്ങൾക്കായും വിശേഷാൽ ഗ്രാമസഭകൾ ചേരുന്നതിനുള്ള നടപടി ക്രമങ്ങളെക്കുറിച്ച് സർക്കാർ കാലാകാലങ്ങളിൽ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ